SANSCO SERVICES - Annual Reports Library Services

ANNUAL REPORT

# വാർഷിക റിപ്പോർട്ട്

# वार्षिक रिपोर्ट

# 1999-2000



reportjunction.com

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

स्टेट बैंक ऑफ़ त्रावणकोर

**STATE BANK OF TRAVANCORE**

www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## ദൗത്യം

സ്വന്തം പാരമ്പര്യം നിലനിർത്തിക്കൊണ്ട് ലാഭസാദ്ധ്യത, കാര്യക്ഷമത, ടെക്നോളജി എന്നിവയുടെ ഉത്കൃഷ്ടമായ മാനദണ്ഡങ്ങളിലൂടെ ഇടപാടുകാർ, ഓഹരിയുടമകൾ, ജീവനക്കാർ എന്നിവർക്ക് സംതൃപ്തി നൽകുന്ന മികച്ച സേവനം നൽകുന്നതിനായി പ്രതിബദ്ധതയോടെ സമൂഹത്തിന് ആകമാനമുള്ള സേവനം തുടർന്നുകൊണ്ട് അഖിലേന്ത്യാതലം കൈവരിക്കാനുള്ള തീവ്രമായ അഭിലാഷത്തോടെ കേരളത്തിലെ പ്രീമിയർ ബാങ്കായി തുടരുക.

## दौत्य

*अपनी परम्पराओं को कायम रखते हुए, लाभप्रदता, कार्यक्षमता, प्रणालियों एवं प्रौद्योगिकी के उत्कृष्ट मानदंडों से ग्राहक, शेयरधारक एवं कर्मचारियों की सन्तुष्टि हेतु उत्कृष्ट सेवा प्रदान करने की वचनबद्धता के साथ समस्त समुदाय के प्रति सेवा को जारी रखते हुए अखिल भारतीय स्तर को प्राप्त करने की आकांक्षा से युक्त केरल का प्रमुख बैंक*

## The Mission

*The premier bank of Kerala, aspiring to achieve all India stature with the best parameters in profitability, efficiency, systems and technology by carrying on its traditions with commitment to excellence in customer, shareholder and employee satisfaction while continuing to serve the community at large.*

## ഉള്ളടക്കം


1. ഓഹരിയുടമകൾക്കുള്ള നോട്ടീസ്
2. ഡയറക്ടർ ബോർഡ്
4. ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്
40 പ്രധാനപ്പെട്ട അക്കൗണ്ടിംഗ് രീതികൾ
43. ബാലൻസ് ഷീറ്റ്
44. ലാഭനഷ്ടക്കണക്ക്
46 അക്കൗണ്ടുകളുടെ ഷെഡ്യൂളുകൾ
67 ഓഡിറ്റർമാരുടെ റിപ്പോർട്ട്
70 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
71. കഴിഞ്ഞ മൂന്ന് വർഷങ്ങൾ
72. ദശാബ്ദങ്ങളിലൂടെയുള്ള വളർച്ച


## विषय-सूची


1. शेयरधारियों को सूचना
3. निदेशक बोर्ड
16. निदेशक बोर्ड की रिपोर्ट
37. आधारभूत लेखा नीतियाँ
43. तुलन-पत्र
44. लाभ-हानि लेखा
46. लेखों की अनुसूचियाँ
65. लेखा परीक्षकों की रिपोर्ट
69. नकदी प्रवाह विवरण
71. पिछले तीन वर्ष...
72. उत्कर्ष का सोपान...


## CONTENTS


1. Notice to Shareholders
3. Board of Directors
26. Report of the Board of Directors
40. Principal Accounting Policies
43.. Balance Sheet
44. Profit and Loss Account
46. Schedules to Accounts
67. Auditors Report
70. Cash Flow statement
71. The last three years
72. Our growth through the decades


Report Junction.com

www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അസോസിയേറ്റ്)
ഹെഡ് ഓഫീസ് : തിരുവനന്തപുരം

### നോട്ടീസ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഓഹരിയുടമകളുടെ 40-ാമത് വാർഷിക പൊതുയോഗം എ.കെ.ജി. മെമ്മോറിയൽ ഹാൾ, ഗ്യാസ് ഹൗസ് ജംഗ്ഷൻ, പാളയം തിരുവനന്തപുരം 695 034 ൽ 2000 ജൂലൈ 3-ാം തീയതി തിങ്കളാഴ്ച പകൽ 11.30 മണിക്ക് (സ്റ്റാൻേറർഡ് സമയം) താഴെ പറയുന്ന കാര്യത്തിനായി സമ്മേളിക്കുന്നു.

"31 മാർച്ച് 2000 ൽ അവസാനിക്കുന്ന കാലയളവിലെ ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്, ബാങ്കിന്റെ ബാലൻസ് ഷീറ്റ്, ലാഭ നഷ്ടക്കണക്കുകൾ ബാലൻസ ഷീറ്റിൻ മേലും അക്കൗണ്ടിന്മേലുമുള്ള ഓഡിറ്റർമാരുടെ റിപ്പോർട്ട് സ്വീകരിക്കുക."

തിരുവനന്തപുരം
24-05-2000

**വേപാ കാമേശം**
മാനേജിംഗ് ഡയറക്ടർ

## स्टेट बैंक ऑफ़ त्रावणकोर

*(भारतीय स्टेट बैंक का सहयोगी)*
*प्रधान कार्यालय: तिरुवनन्तपुरम*

### सूचना

*स्टेट बैंक ऑफ त्रावणकोर के शेयरधारियों की चालीसवीं वार्षिक सामान्य बैठक ए. के. जी. मेमोरियल हाल, गैस हाऊस जंक्शन, पालयम, तिरुवनन्तपुरम 695 034 में सोमवार, दिनांक 3 जुलाई 2000 को पूर्वाह्न 11.30 बजे (मानक समय) निम्न लिखित कार्य हेतु संपन्न होगी।*

*"31 मार्च 2000 को समाप्त अवधि के लिए निदेशक बोर्ड की रिपोर्ट, बैंक का तुलन पत्र एवं लाभ-हानि लेखा और बैंक के तुलन पत्र एवं लेखों पर लेखा परीक्षकों की रिपोर्ट प्राप्त करना।"*

*तिरुवनन्तपुरम*
24.05.2000

*वेपा कामेशम*
*प्रबन्ध निदेशक*

## STATE BANK OF TRAVANCORE

(Associate of the State Bank of India)
HEAD OFFICE :
THIRUVANANTHAPURAM

### NOTICE

The Fortieth Annual General Meeting of the shareholders of the State Bank of Travancore, will be held in the A.K.G. Memorial Hall, Gas House Junction, Palayam, Thiruvananthapuram – 695034 on Monday the 3rd July, 2000 at 11.30 a.m. (Standard Time) to transact the following business:

"To receive the Report of the Board of Directors, the Balance Sheet and Profit and Loss Account of the Bank made upto the 31st March, 2000 and the Auditors' Report on the Balance Sheet and Accounts"

Thiruvananthapuram,
24/05/2000.

VEPA KAMESAM
Managing Director



www.reportjunction.com

## ഡയറക്ടർ ബോർഡ്

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (a) അനുസരിച്ച്

ചെയർമാൻ

**ശ്രീ. ജി. ജി. വൈദ്യ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (aa) അനുസരിച്ച്

*മാനേജിംഗ് ഡയറക്ടർ*
**ശ്രീ. വേപ്പാ കാമേശം**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (b) അനുസരിച്ച്

**ശ്രീ. എം. ജേസുദാസൻ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (c) അനുസരിച്ച്

**ശ്രീ. ഡി. പി. റോയ്**
**ശ്രീ. എ. ആർ. സമാജ്ദാർ**
**ശ്രീ. ബി.വി.വി. രാജേശ്വര റാവു**
**ശ്രീ. എ. എസ്. നാരായണമൂർത്തി**
**ശ്രീ. വി. കെ. മാധവമോഹൻ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (ca) അനുസരിച്ച്

**ശ്രീ. കെ. ശ്രീനിവാസൻ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (cb) അനുസരിച്ച്

**ശ്രീ. എൻ. എസ്. മുരളീധരൻ നായർ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (d) അനുസരിച്ച്

**ശ്രീ. കെ.പി. തോമസ്**
**ശ്രീ. പി. ഒ. യതീന്ദ്രമോഹൻ**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (1) ഖണ്ഡിക (e) അനുസരിച്ച്

**ശ്രീ. ഡി. ചൗധരി**

1959 ലെ എസ്. ബി. ഐ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 25
സബ് സെക്ഷൻ (3) അനുസരിച്ച്

**ശ്രീ. പി. കെ. എസ്. നായർ**



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net

## निदेशक बोर्ड

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (ए) के अन्तर्गत

अध्यक्ष

**श्री. जी. जी. वैद्य**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (एए) के अन्तर्गत

प्रबंध निदेशक

**श्री. वेपा कामेशम**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (बी) के अन्तर्गत

**श्री. एम. जेसुदासन**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (सी) के अन्तर्गत

**श्री. डी. पी. रॉय**
**श्री. ए. आर. समाजदार**
**श्री. बी. वी. वी. राजेश्वर राव**
**श्री. ए. एस. नारायण मूर्ति**
**श्री वी. के. माधव मोहन**

भारत स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (सी ए) के अन्तर्गत

**श्री. के. श्रीनिवासन**

भारती स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (सी बी) के अन्तर्गत

**श्री. एन. एस. मुरलीधरन नायर**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (डी) के अन्तर्गत

**श्री. के. पी. तोमस**
**श्री. पी. ओ. यतीन्द्र मोहन**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 1 के खंड (ई) के अन्तर्गत

**श्री. डी. चौधरी**

भारतीय स्टेट बैंक (समनुषंगी बैंक) अधिनियम, 1959 की धारा 25 की उपधारा 3 के अन्तर्गत

**श्री. पी. के. एस. नायर**

## BOARD OF DIRECTORS

Under clause (a) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

Chairman

**Shri. G.G.Vaidya**

Under clause (aa) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

Managing Director

**Shri.Vepa Kamesam**

Under clause (b) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.M.Jesudasan**

Under clause (c) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.D.P. Roy**
**Shri.A.R.Samajdar**
**Shri.B.V.V.Rajeswara Rao**
**Shri.A.S.Narayanamoorthy**
**Shri.V.K Madhava Mohan**

Under clause (ca) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.K.Srinivasan**

Under clause (cb) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.N.S.Muraleedharan Nair**

Under clause (d) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.K.P.Thomas**
**Shri.P.O.Yatheendra Mohan**

Under clause (e) of sub section (1) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri. D.Choudhury**

Under sub section (3) of Section 25 of the SBI (Subsidiary Banks) Act, 1959.

**Shri.P.K.S. Nair**



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



**1959 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് സെക്ഷൻ 43(1) വകുപ്പനുസരിച്ച് കേന്ദ്രഗവൺമെന്റ് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് സമർപ്പിക്കുന്ന ഡയറക്ടർ ബോർഡിന്റെ റിപ്പോർട്ട്**

റിപ്പോർട്ട് കാലാവധി
1999 ഏപ്രിൽ 1 മുതൽ 2000 മാർച്ച് 31 വരെ

# 1 സാമ്പത്തിക പശ്ചാത്തലം

## 1.1 ദേശീയ സാമ്പത്തിക രംഗം

1999–2000 ൽ ഇന്ത്യൻ സാമ്പത്തികരംഗം പൊതുവെ നല്ല പ്രകടനം കാഴ്ചവെച്ചു. പൊതുവളർച്ചാ നിരക്ക് 5.5%ആയി കണക്കാക്കപ്പെടുന്നു. കാർഷികോൽപാദനത്തിൽ കുറവ് വരുന്ന പ്രവണത ദൃശ്യമായി . പ്രത്യേകിച്ച് ഭക്ഷ്യേതര വസ്തുക്കളുടെ ഉൽപാദനത്തിൽ 6.7% കുറവുണ്ടായി. നടപ്പുവർഷം വ്യാവസായിക രംഗത്ത് 6.5% വർദ്ധനവും സർവ്വീസ് മേഖലയിൽ7.9%വർദ്ധനവും രേഖപ്പെടുത്തുകയുണ്ടായി. കയറ്റുമതി–ഇറക്കുമതി രംഗങ്ങളിൽ യഥാക്രമം 10% വും 11% വും വർദ്ധനവ് പ്രത്യാശിക്കുന്നു. പണപ്പെരുപ്പനിരക്ക് 3% ആകുകയും ധനവിതരണം (Money Supply ) 15.05% ആയി വർദ്ധിക്കുമെന്ന് കരുതുന്നു.

വിദേശരംഗത്ത് വിവിധ വ്യാവസായിക രാജ്യങ്ങൾ അടിച്ചേൽപ്പിച്ച ഉപരോധങ്ങൾ, വിവിധോദ്ദേശ വായ്പകൾ ലഭ്യമല്ലാതാക്കുക അന്തർദേശീയറേറ്റിംഗ് ഏജൻസികളാൽ താണ നിലവാരം രേഖപ്പെടുത്തൽ മുതലായ പ്രതികൂല വിദേശ പ്രതിസന്ധികളെ രാജ്യത്തിന് നേരിടേണ്ടിവന്നു. പാക്കിസ്ഥാനുമായുണ്ടായ കാർഗിൽ പ്രശ്നത്തിനു ശേഷം ഒറീസയിലുണ്ടായ ഭീകര ചുഴലിക്കാറ്റിനേയും രാജ്യത്തിന് നേരിടേണ്ടി വന്നു.

സാമ്പത്തികം, വൈദ്യുതി, ടെലികോം, തുറമുഖങ്ങൾ, വിമാനത്താവളം, ഹൈവേ എന്നീരംഗങ്ങളിലെ പരിവർത്തനങ്ങൾ സമ്പദ് വ്യവസ്ഥയിൽ നല്ല സ്വാധീനം ചെലുത്തുകയും പ്രത്യക്ഷ–വിദേശ നിക്ഷേപങ്ങൾക്ക് നല്ല അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തതിനാൽ രാജ്യത്തിന്റെ വളർച്ച ദ്രുതഗതിയിലാണ്. വിദേശ വ്യാപാരത്തിലും ICE ഗ്രൂപ്പ് ഇൻഡസ്ട്രീസിലും ഉത്സാഹം ദൃശ്യമാണ്.

## 1.2 കേരള രംഗം

സംസ്ഥാനത്തിലെ കഴിഞ്ഞ രണ്ടുവർഷത്തെ സമ്പദ് വ്യവസ്ഥ രാജ്യത്ത് അനുഭവപ്പെടുന്ന സമ്പദ് വ്യവസ്ഥയുടെ പ്രതിഫലനമെന്നോണം കടുത്ത പ്രതിസന്ധികളെ നേരിടേണ്ടിവന്നു. എന്നിരുന്നാലും സംസ്ഥാന ഗവൺമെന്റിന്റെ അശ്രാന്ത പരിശ്രമഫലമായി കഴിഞ്ഞ മൂന്നുവർഷമായി സാമ്പത്തിക വളർച്ചയ്ക്ക് പ്രചോദനം ലഭിച്ചു. കാർഷിക രംഗത്ത് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ തെങ്ങുകളെ ബാധിച്ച ‘മണ്ഡരി’ രോഗം മൂലം കർഷകരുടെ ധനോത്പാദനക്ഷമതയിൽ കാര്യമായ കുറവ് സംഭവിച്ചു.

## 1.3 ബാങ്കിംഗ് വ്യവസായത്തിലെ സംഭവ വികാസങ്ങൾ

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഈ വർഷം പ്രഖ്യാപിച്ച സാമ്പത്തിക നയങ്ങളിൽ മുഖ്യമായും നരസിംഹം കമ്മിറ്റി (Phase II)യുടെ സാമ്പത്തിക രംഗത്തെ പരിവർത്തനങ്ങളെ സംബന്ധിച്ച ശുപാർശകളെ കേന്ദ്രീകരിച്ചുള്ളതാണ്. സാമ്പത്തിക വർഷത്തെ ആദ്യപകുതിയിലെ നയം പര്യാപ്തമായ ലിക്വിഡിറ്റിയുടെ ലഭ്യതയോടൊപ്പം മദ്ധ്യ–ദീർഘകാല പലിശ നിരക്കിൽ സ്ഥിരത ഉണ്ടാക്കുക എന്നതായിരുന്നു. നിർദ്ദേശിക്കപ്പെട്ട നടപടികൾ താഴെപറയുന്നവയാണ്.

(1) 2000 മാർച്ച് 31 മുതൽ മിനിമം CRAR 8% ത്തിൽ നിന്ന് 9% ആയി വർദ്ധിപ്പിക്കുക.

(2) ഗവൺമെന്റ് നിക്ഷേപങ്ങളിലും മറ്റ് അംഗീകൃത സെക്യൂരിറ്റികളിന്മേലുമുള്ള നിക്ഷേപങ്ങളിലുമുള്ള *മാർക്കറ്റ് റിസ്കിന്റെ 2.5% റിസ്ക് വെയ്റ്റ് 31–3–2000* മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



(3) ഗവൺമെന്റ് സംരംഭങ്ങളിലെ സർക്കാർ ഗ്യാരണ്ടിയുള്ള സെക്യൂരിറ്റീസിലെ 2000–2001 സാമ്പത്തിക വർഷത്തിൽ അംഗീകൃത വിപണി വായ്പാപദ്ധതിയുടെ ഭാഗമല്ലാത്ത നിക്ഷേപത്തിൽ 20% റിസ്ക് വെയ്റ്റ് ഏർപ്പെടുത്തി.

1999–2000 ത്തിന്റെ രണ്ടാം പകുതിയിലെ സാമ്പത്തിക വായ്പാനയത്തിൽ താഴെപ്പറയുന്ന ചില പ്രധാന നടപടികൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ചു.

(1) ക്യാഷ് റിസർവ്വ് അനുപാതം 9% ആയി കുറച്ചു.

(2) ഇറക്കുമതിയ്ക്കായുള്ള സാമ്പത്തിക സഹായത്തിന് ഏർപ്പെടുത്തിയിരുന്ന 30% പലിശ നിരക്ക് സർച്ചാർജ്ജ് പിൻവലിച്ചു.

(3) ബാങ്കിന് അവധികഴിഞ്ഞ കയറ്റുമതി ബില്ലിന്മേൽ ഉചിതമായ പലിശനിരക്ക് സ്വയം തീരുമാനി ക്കുവാനുള്ള അനുവാദം നൽകി.

(4) വ്യത്യസ്ത കാലാവധിക്ക് വ്യത്യസ്ത പ്രാഥമിക വായ്പാ നിരക്ക് ഏർപ്പെടുത്താൻ ബാങ്കുകൾക്ക് അനുവാദം നൽകി.

(5) മണി മാർക്കറ്റ് മ്യൂച്വൽ ഫണ്ടിലും (MMMF) അക്കൗണ്ടിലും എക്സ്ചേഞ്ച് ഏണേഴ്സ് ഫോറിൻ കറൻസി (EEFC) അക്കൗണ്ടിലും Cheque Writing സൗകര്യവും അനുവദിച്ചു.

(6) ബാങ്കുകൾക്കും ധനകാര്യ സ്ഥാപന ങ്ങൾക്കും MMMF ആരംഭിക്കാൻ RBI യുടെ മുൻകൂർ അനുവാദം വേണം. ട്രസ്റ്റ് രൂപത്തിൽ മാത്രമേ പുതിയ MMMF ആരംഭിക്കാൻ പാടുള്ളൂ.

### 1.4 വാണിജ്യ ബാങ്കുകളുടെ മൊത്തത്തിലുള്ള പ്രകടനം

ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളുടെ മൊത്തം നിക്ഷേപം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ആസൂത്രണംചെയ്ത പ്രകാരമുള്ള 1,18,500 കോടി രൂപയുടെ സ്ഥാനത്ത് 1,27,942 കോടിരൂപയുടെ (13%) വർദ്ധനയോടെ 8,41,967 കോടി രൂപയായി വർദ്ധിച്ചു. ബാങ്ക് വായ്പയുടെ വളർച്ചയിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ വർഷത്തെ 3,68.837 കോടിരൂപയെ അപേക്ഷിച്ച് 31 മാർച്ച് 2000 ൽ 4,49,565 കോടി രൂപയായി വർദ്ധിച്ചു. ഭക്ഷ്യവായ്പ 48.22% വർദ്ധനയോടെ 24926 കോടിരൂപയായും ഭക്ഷ്യേതര വായ്പ 20.63% ത്തിന്റെ വർദ്ധനയോടെ 424639 കോടി രൂപയായും ഉയർന്നു. ബാങ്കിന്റെ കുറഞ്ഞ പലിശനിര ക്കുകാരണം വായ്പകളുടെ ആവശ്യം വർദ്ധിക്കുകയും ചെയ്തു. ബാങ്കുകളുടെ ഇൻവെസ്റ്റ്മെന്റ് പോർട്ട്ഫോ ളിയോ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 22% വർദ്ധന യോടെ 310536 കോടി രൂപവരെ എത്തി.

## 2 ബാങ്കിന്റെ പ്രവർത്തനങ്ങൾ

### 2.1 മാർക്കറ്റ് ഷെയർ

കേരളത്തിൽ ബാങ്ക് ASCB യുടെ മൊത്തം ശാഖാശൃംഖലയുടെ 17% വും മൊത്തം നിക്ഷേപ ത്തിന്റെ 21%വും NRI നിക്ഷേപത്തിന്റെ 24% വും വായ്പയുടെ 22% വും മാർക്കറ്റ് ഷെയർ കൈയ്യടക്കി ക്കൊണ്ട് ഈ വർഷവും, കേരളത്തിലെ പ്രീമിയർ ബാങ്കായി തുടരുന്നു. ബാങ്കിന്റെ മൊത്തം ബിസിനസ്സ് 15,000 കോടി രൂപ കവിഞ്ഞു

### 2.2 നൂതന സേവനങ്ങൾ

ഈ വർഷം ബാങ്ക് താഴെപ്പറയുന്ന സ്കീമുകൾ/ സേവനങ്ങൾ ആരംഭിച്ചു.

#### പ്രശാന്തി

പെൻഷൻ അക്കൗണ്ടുകൾ ബാങ്കിൽത്തന്നെ യാണെങ്കിൽ കേന്ദ്ര സിവിൽ, ഡിഫൻസ്, റെയിൽവേ, ടെലികോം, സംസ്ഥാന, ബാങ്ക് പെൻഷൻകാർക്ക് അവരുടെ വ്യക്തിപരമായ സാമ്പത്തിക ആവശ്യങ്ങൾ ക്കായി 10000 രൂപവരെ ബാങ്കിൽ നിന്ന് വായ്പയെടു ക്കാവുന്ന സ്കീം.

#### പ്രഥമ പബ്ലിക് ഇഷ്യൂവിൻമേൽ വായ്പ

ഒരു ഇഷ്യൂവിന് 75000 രൂപവരെ എന്ന നിബന്ധനയിൽ ഒരു വായ്പാകാരന് ഏറ്റവും കൂടിയത് 5,00,000 രൂപവരെ പരിധി നിശ്ചയിച്ചുകൊണ്ട് ചില പ്രത്യേക സ്ക്രിപ്പുകളുടെ പബ്ലിക് ഇഷ്യൂവിൽ പങ്കു ചേരാൻ നിവാസികളായ ഇടപാടുകാരെ അനുവദിക്കാ വുന്നതാണ്.



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



**നെല്ലുമെതിയന്ത്രങ്ങൾക്കുള്ള സാമ്പത്തിക സഹായം**

കുറഞ്ഞത് ഒരു ഏക്കർ കൃഷിഭൂമിയും രണ്ടു വിളവെടുപ്പുരീതിയും മിനിമം ഒരു വർഷം 400 മണിക്കൂറെങ്കിലും പ്രവർത്തന സമയവുമുള്ള നെൽകർഷകർക്ക് നെൽമെതിയന്ത്രങ്ങൾ വാങ്ങുവാനായി ദീർഘകാല കാർഷിക വായ്പ നൽകുന്നു.

**നെൽകൃഷിക്കും മത്സ്യകൃഷിക്കുമുള്ള റൊട്ടേഷണൽ ഫാമിംഗ്,**

കേരളത്തിലെ കുട്ടനാട്ടിൽ നെൽകൃഷിക്കും മത്സ്യകൃഷിക്കുമുള്ള റൊട്ടേഷണൽ ഫാമിംഗിനുള്ള വിശേഷ വായ്പാ പദ്ധതി

**സ്പീഡ് ക്യാഷ് റെമിറ്റൻസ് ഫെസിലിറ്റി സ്കീം.** (SCARF)

പണം അയയ്ക്കുന്നത് ത്വരിതപ്പെടുത്തു ന്നതിനായി അൽഫർദാൻ എക്സ്ചേഞ്ച്, അബുദാബി; ട്രസ്റ്റ് എകസ്ചേഞ്ച് കമ്പനി, ദോഹ, ഖത്തർ എന്നീ എകസ്ചേഞ്ച് കമ്പനികൾ മുഖാന്തരം രൂപപ്പെടുത്തി നടപ്പാക്കിയതാണ് സ്പീഡ് ക്യാഷ് റെമിറ്റൻസ് ഫെസിലിറ്റി സ്കീം. (SCARF)

**NRI ഹെൽപ്പ് ഡെസ്ക്**

ഹെഡ് ഓഫീസിലെ എൻ. ആർ. ഐ. വിഭാഗം ആവിഷ്ക്കരിച്ച ഈ വിശേഷ സേവനംമൂലം എൻ.ആർ. ഐ യുമായി ബന്ധമുള്ള എല്ലാ വിവരങ്ങളും എല്ലാ ശാഖകളിലും അതി ശീഘ്രം എത്തിച്ചുകൊടുക്കാൻ സാധിക്കുന്നു. ഇതുകൂടാതെ ഇടപാടുകാർക്കുള്ള പരാതികളിന്മേൽ അതിവേഗത്തിൽ പരിഹാരം കണ്ടെത്തുന്നു.

## 2.3. വിഭവ സമാഹരണം

ഈ വർഷം ബാങ്കിന്റെ മൊത്ത നിക്ഷേപം (LC/ ഗ്യാരണ്ടി മുതലായവയുടെ മാർജിൻ, സ്റ്റാഫ് സെക്യൂരിറ്റി നിക്ഷേപം ഒഴികെ) 17.61% വളർച്ച രേഖ പ്പെടുത്തിക്കൊണ്ട് 2000 മാർച്ച് 31 ന് 10182.60 കോടി രൂപയായി. അസ്സൽ നിക്ഷേപം 1474.19 കോടി രൂപ വർദ്ധിച്ച് (17.92%) 9702.61 കോടി രൂപയായിത്തീർന്നു. ബാങ്കിന്റെ മൊത്തനിക്ഷേപത്തിന്റെ 45.58% NRI നിക്ഷേപമായിരുന്നു. ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 26.88% വളർച്ച നേടിക്കൊണ്ട് 4422.31 കോടി രൂപയായി.

## 2.4. വായ്പാ വിപുലനം

ബാങ്കിന്റെ മൊത്തം വായ്പ 1999 മാർച്ച് 31 ലെ 4251.90 കോടി രൂപയെ അപേക്ഷിച്ച് 2000 മാർച്ച് 31 ൽ 879.31 കോടി രൂപയുടെ (20.68%) വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 5131.21 കോടിരൂപയായി വർദ്ധിച്ചു. വായ്പാ ഉപയോഗം മെച്ചപ്പെടുത്തുവാനായി ബാങ്ക് വായ്പാ ഉൽപ്പന്നങ്ങളുടെ വിപണിയിൽ (മാർക്കറ്റിംഗിൽ) ശ്രദ്ധകേന്ദ്രീകരിക്കുകയും ഈ വർഷവും തെരഞ്ഞെടുക്കപ്പെട്ട ശാഖകളിലൂടെ ചില്ലറ വ്യാപാരം നടത്തുകയും നടപ്പുവർഷം ഇതിലൂടെ നല്ല ഫലം ഉണ്ടാവുകയും ചെയ്തു. വ്യക്തിഗത ബാങ്കിംഗ് മേഖല 227.55 കോടിരൂപയുടെ വളർച്ച കാഴ്ചവെച്ചു. വർഷാവസാനം ബാങ്കിന്റെ വായ്പാ നിക്ഷേപാനു പാതം 56.56% ആയിത്തീർന്നു.

## 2.5. ഇൻവെസ്റ്റ്മെന്റുകൾ

ബാങ്കിന്റെ മൊത്തം ഇൻവെസ്റ്റ്മെന്റുകൾ 1999 മാർച്ച് 31 ലെ 4391.10 കോടി രൂപയെ അപേക്ഷിച്ച് 2000 മാർച്ച് 31 ന് 483.56 കോടി (11%) രൂപയുടെ വർദ്ധനവ് നേടിക്കൊണ്ട് 4874.66 കോടി രൂപയായി. ശരാശരി ഇൻവെസ്റ്റ്മെന്റ് 1998-99 ലെ 3935.31 കോടി രൂപയെ അപേക്ഷിച്ച് 1999-2000 വർഷത്തിൽ 4708.69 കോടി രൂപയായി വർദ്ധിച്ചു. ഇൻവെസ്റ്റ്മെന്റിൽ നിന്നുള്ള വരുമാനം (പലിശ വരുമാനവും ലഭിച്ച ലാഭ വിഹിതവും) 89.30 കോടിരൂപയുടെ (18.76%) വർദ്ധനവ് നേടിക്കൊണ്ട് 31 മാർച്ച് 1999ലെ 475.93 കോടി രൂപയിൽ നിന്ന് 2000 മാർച്ച് 31 ന് 565.23 കോടി രൂപയായി ഉയർന്നു. ശരാശരി പ്രതിലാഭം (yield) പലിശ നിരക്ക് താഴ്ന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 1998-99 വർഷത്തെ 12.09%ത്തെ അപേക്ഷിച്ച് ഈ വർഷം 12% ആയി കുറഞ്ഞു. നിക്ഷേപങ്ങൾ വിറ്റ തിലുള്ള ലാഭം 31 മാർച്ച് 1999 ലെ 6.12 കോടി രൂപയെ അപേക്ഷിച്ച് വൻ വർദ്ധനവ് നേടിക്കൊണ്ട് 31 മാർച്ച് 2000 ത്തിൽ 25.14 കോടി രൂപയോളമെത്തി.

## 2.6. അന്താരാഷ്ട്ര ബാങ്കിംഗ്

1999-2000 നടപ്പുവർഷം മൊത്തം മെർച്ചന്റ് ടേൺ ഓവർ 17% വളർച്ച നേടിക്കൊണ്ട് 1998-99 ലെ 6561 കോടി



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



രൂപയിൽ നിന്നും 1999–2000 വർഷത്തിൽ 7686 കോടി രൂപയായി ഉയർന്നു. രണ്ടാം അർദ്ധവർഷത്തിൽ FCNR പദ്ധതി മുഖേന വിദേശ കറൻസി വായ്പാ വിതരണത്തിൽ പുരോഗതി ദൃശ്യമായി. ഈ വർഷം വിതരണം ചെയ്ത മൊത്തം FCNR(B) ലോൺ 117.51 മില്യൺ യു.എസ്. ഡോളറും 31-3-2000 ൽ ബാങ്കിന്റെ ലഭിക്കാനുള്ള വിദേശ കറൻസി വായ്പയുടെ ബാക്കി 54.52 മില്യൺ യു.എസ്. ഡോളറുമാണ്.

വിനിമയ ലാഭം 1998--99 ലെ 17.10 കോടിയിൽ നിന്ന് 11% വളർച്ച നേടിക്കൊണ്ട് 1999–2000 ൽ 19.06 കോടി രൂപയായിത്തീർന്നു.

## 2.7. പ്രവർത്തനക്ഷമമല്ലാത്ത ആസ്തിയുടെ നിർവ്വഹണം

1999–2000 വർഷത്തിലും പ്രവർത്തനക്ഷമമല്ലാത്ത ആസ്തികൾ കുറച്ചുകൊണ്ടുവരുക എന്നത് ബാങ്കിന്റെ വളരെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നായിരുന്നു. കഴിഞ്ഞവർഷമാരംഭിച്ച ആസ്തി നിർവ്വഹണ സമിതിയെ ഈ വർഷം ആസ്തി നിർവ്വഹണ വിഭാഗമാക്കി ഉയർത്തി. 1999--2001 ലേക്ക് NPA നിർവ്വഹണനയം രൂപീകരിച്ചതിനുപുറമേ പുതുക്കിയ ഔദാര്യപൂർണ്ണമായ ഒത്തുതീർപ്പുനയം വിജയകരമായി പ്രയോഗിച്ച് അതിലൂടെ ശ്രദ്ധേയമായ തിരിച്ചുപിടിക്കൽ നടത്താൻ സാധിച്ചു. പ്രത്യേക തിരിച്ചുപിടിക്കൽ നടപടികളുടെ ഭാഗമായി ചെറിയ വായ്പകളെ ലക്ഷ്യംവച്ചുകൊണ്ട് ഈ വർഷം അനേകം റിക്കവറി ക്യാമ്പുകൾ, റവന്യൂ റിക്കവറി മേള, അദാലത്തുകൾ തുടങ്ങിയവ ഗവൺമെന്റ് വകുപ്പുകളുടെ സഹായത്തോടെയും മാർഗ്ഗനിർദ്ദേശ ത്തോടെയും നടത്തപ്പെട്ടു. ന്യൂ ഡൽഹിയിലും ചെന്നൈയിലുമുള്ള ആസ്തി നിർവ്വഹണവിഭാഗ ങ്ങളുടെയും ഹെഡ് ഓഫീസിലെ NPA മാനേജ്മെന്റ് കമ്മിറ്റിയുടെയും സജീവ പ്രവർത്തനത്തിന്റെ ഫലമായി പ്രവർത്തന ക്ഷമമല്ലാത്ത ആസ്തികളുടെ വീണ്ടെടുക്കൽ വർദ്ധനവിന് വഴിതെളിച്ചു. കേരളത്തിലെ DRT കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എറണാകുളത്ത് ഒരു ARM ശാഖ ആരംഭിക്കുവാൻ ബാങ്കിന് ആവശ്യമായ ലൈസൻസ് ലഭിച്ചിട്ടുണ്ട്.

വൻ നഷ്ടമുണ്ടാക്കിയ വായ്പകളുടെ വീണ്ടെടുക്കലിനുവേണ്ടി നടത്തിയ കഠിന പ്രയത്നത്തിന്റെ ഫലമായി 31 മാർച്ച് 1999ലെ 10.80% നെ അപേക്ഷിച്ച് 2000 മാർച്ച് 31 ന് 8.58% ആയി NPA അനുപാതം കുറയ്ക്കാൻ സാധിച്ചു.

## 2.8. പ്രവർത്തനഫലവും പ്രവർത്തന ലാഭവും

1998–99 വർഷത്തെ പ്രവർത്തനലാഭമായ 150.48 കോടി രൂപയെ അപേക്ഷിച്ച് 1999–2000 വർഷത്തിൽ 182.20 കോടി രൂപയുടെ പ്രവർത്തനലാഭം കൈവരിച്ചു. പ്രവർത്തന ലാഭത്തിലുണ്ടായ വർദ്ധനവിന്റെ 21.08% വും ഈ വർഷം പലിശ വരുമാനത്തിൽ നിന്നുള്ള വർദ്ധനവാണ്. ആവശ്യമായ പ്രൊവിഷനും മറ്റു സ്റ്റാറ്റ്യൂട്ടറി ആവശ്യങ്ങളെല്ലാം നിറവേറ്റിയശേഷമുള്ള അറ്റാദായം 66.44 കോടി രൂപയാകുകയും 31 മാർച്ച് 2000 ൽ അടച്ചു തീർത്ത മൂലധനത്തിൽ 132.90 രൂപ ഇ.പി.എസ് ആയിത്തീരുകയും ചെയ്തു. 1999 മാർച്ച് 31 ന് ബാങ്കിന്റെ ഷെയറിന്റെ ബുക്ക് വാല്യു 762.20 രൂപയിൽ നിന്ന് വർദ്ധിച്ച് 31 മാർച്ച് 2000 ൽ 867.34 രൂപയായി.

## 2.9. ലാഭവിഹിതം

ബാങ്ക് ഈ വർഷവും 25% ലാഭവിഹിതം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുവേണ്ടി മൊത്തം 13.87 കോടി രൂപ വേണ്ടി വരും.

## 2.10. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും ആസ്തി-ബാദ്ധ്യതാ നിർവ്വഹണ രീതിയും

1998 ൽ ബാങ്ക് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗം രൂപീകരിച്ചു. ഈ വിഭാഗം ആസ്തി-ബാദ്ധ്യതാ നിർവ്വഹണസമിതിയ്ക്ക് ലിക്വിഡിറ്റിയിലും പലിശ നിരക്കിലെ റിസ്കിന്റെയും കണക്കുകൾ നൽകുകയും കൃത്യമായ കാലയളവുകളിലുള്ള ശാഖാതലത്തിലുള്ള ബിസിനസ് രൂപരേഖ പുതുക്കുകയും ചെയ്തു. ഇപ്പോൾ വിഭവം, വായ്പ, സ്റ്റാഫ് കാര്യങ്ങൾ എന്നിവയ്ക്കുവേണ്ടി ഈ വിഭാഗം പുതിയൊരു ഡാറ്റാബേസ് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ പാലിക്കുവാനായി ബാങ്കിന്റെ ആസ്തി-ബാദ്ധ്യതാ നിർവ്വഹണ സമിതി (ALCO) മാനേജിംഗ് ഡയറക്ടർ ചെയർമാനായി പുനസംഘടിപ്പിച്ചു.സമിതിയ്ക്ക് നിക്ഷേപ-വായ്പ കളിന്മേൽ പലിശനിരക്ക് നിശ്ചയിക്കാനുള്ള അധികാരമുണ്ട്. ഈ വർഷം അഞ്ചുപ്രാവശ്യം സമിതിയുടെ യോഗം നടന്നു.



www.reportjunction.com

SANSCO SERVICES - Annual Reports Library Services - www.sansco.net



## 2.11. മെർച്ചന്റ് ബാങ്കിംഗ് ബിസിനസ്സ്

ഈ സാമ്പത്തിക വർഷം മൂലധന വിപണിയിൽ ഒരു വീണ്ടെടുക്കലിന്റെ ലക്ഷണം ദൃശ്യമായി. വിപണിയിൽ പ്രധാനമായും വിവരസാങ്കേതിക രംഗത്തെ ബോണ്ട് ഇഷ്യൂവും ഇക്വിറ്റി ഇഷ്യൂവുമാണ് ശ്രദ്ധിക്കപ്പെട്ടത്. ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (IDBI) യുടെ ബോണ്ട് ഇഷ്യൂവിൽ ബാങ്കർ ആയി ബാങ്ക് പ്രവർത്തിച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി വിപണിയിൽ നിന്ന് വിഭവ സമാഹരണത്തിനുള്ള കേരള ഗവൺമെന്റിന്റെ ആദ്യ സംരംഭത്തിൽ ബാങ്ക് ലീഡ് മാനേജരായി പ്രവർത്തിച്ചു. മേൽപറഞ്ഞ ബോണ്ട് ഇഷ്യൂവിലൂടെ ഇഷ്യൂസൈസ് 200 കോടി രൂപയുടെ സ്ഥാനത്ത് 500 കോടി രൂപയിൽ കൂടുതൽ സംഭരിക്കാൻ ബാങ്കിന് കഴിഞ്ഞു.

## 2.12. സ്റ്റാഫ് പ്രൊഡക്ടിവിറ്റി

ഒരു ജീവനക്കാരന്റെ മൊത്തം ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന സ്റ്റാഫ് പ്രൊഡക്ടിവിറ്റി 1998-99 ലെ 99.97 ലക്ഷം രൂപയിൽ നിന്ന് 21.69% വർദ്ധനവ് നേടി ഈ വർഷം 121.65 ലക്ഷം രൂപയായി വർദ്ധിച്ചു.

# 3 മുൻഗണന മേഖല വായ്പകളും സാമൂഹ്യ ബാങ്കിങ്ങും

### 3.1 മുൻഗണന മേഖല വായ്പാ

ദേശീയനയത്തിനും സാമൂഹ്യലക്ഷ്യത്തിനും അനുസൃതമായി ബാങ്ക് മുൻഗണനാ മേഖലയ്ക്കുള്ള വായ്പ നൽകുക എന്നത് ഒരു പ്രധാന നയമായി തുടർന്നു. ഇക്കാലയളവിൽ ബാങ്കിന്റെ മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 296.71 കോടി രൂപയുടെ(21.06%) വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 1705.26 കോടി രൂപയായി ഉയർന്നു. 2000 മാർച്ച് അവസാനം മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പ ബാങ്കിന്റെ മൊത്തം വായ്പയുടെ 70.87% ആയി നിലകൊള്ളുന്നു.

## 3.2 ചെറുകിട വ്യവസായങ്ങളും ചെറുകിട വ്യാപാരവും

2000 മാർച്ചവസാനം ചെറുകിട വ്യവസായങ്ങൾക്കും റോഡ് ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ, വ്യവസായ സംരംഭങ്ങൾ, പ്രൊഫഷണലുകൾ, സ്വയം തൊഴിൽ നടത്തുന്ന വ്യക്തികൾ എന്നിവരുൾക്കൊള്ളുന്ന ചെറുകിട വ്യാപാരത്തിനുമുള്ള സാമ്പത്തിക സഹായമായ 980 കോടി രൂപയിൽ 519 കോടി രൂപ ചെറുകിട വ്യവസായ ഉപമേഖലയ്ക്കും 461 കോടി രൂപ ചെറുകിട വ്യാപാര ഉപമേഖലയ്ക്കും ആകുന്നു. ചെറുകിട രംഗത്ത് വായ്പ അനുവദിക്കുന്നതിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ബാങ്ക് ഇപ്പോൾ കേരളത്തിലെ 4 വിശേഷീകൃത SSI ശാഖകൾ കൂടാതെ എറണാകുളത്ത് ഒരു SSI ശാഖകൂടി ആരംഭി ക്കാൻ ഉദ്ദേശിക്കുന്നു.

ബാങ്കിന്റെ ടെക്നിക്കൽ കൺസൾട്ടൻസി സെൽ, ഈ വർഷം വിവിധ പ്രോജക്ട് മൂല്യാങ്കന പുനരധിവാസത്തെയും പ്രത്യേക വ്യവസായത്തെയും കുറിച്ച് പഠനം നടത്തുകയും ചെയ്തു. ഈ വർഷം എഞ്ചിനീയറിംഗ് കോളേജിലേയും പോളി ടെക്നിക്കിലെയും വിദ്യാർത്ഥികൾക്കും മറ്റ് ടാർജറ്റ് ഗ്രൂപ്പുകൾക്കും വേണ്ടി വ്യവസായസംരംഭ വികസന പരിപാടി നടത്തുകയുണ്ടായി. സംരംഭകബോധ വൽക്കരണ പരിപാടികൾ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾക്കും വനിതകൾക്കുമായി ബാങ്കിന്റെ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ലീഡ് ജില്ലകളിൽ നടത്തുകയുണ്ടായി.

## 3.3 പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (PMRY) സ്വർണ്ണജയന്തി ശഹരി റോസ്ഗാർ യോജന (SJSRY) മൈക്രോ ക്രെഡിറ്റ് - സെൽഫ് ഹെൽപ് ഗ്രൂപ്പ്

തൊഴിലില്ലാത്ത യുവാക്കൾക്കായി സ്വയം തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുവാൻ ബാങ്ക് പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ സജീവമായ സഹായം നൽകി വരുന്നു. ഈ വർഷം ബാങ്ക് 2557 ലക്ഷം രൂപയുടെ 4459 വായ്പകൾ അനുവദിക്കുകയും അതിൽ



www.reportjunction.com